**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3306** — **04-08-2021 - ൽ മറുപടിയ്ക്ക്**

**മരണപ്പെട്ട റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം മരണപ്പെട്ട റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുമോ; എങ്കിൽ പ്രസ്തുത ആനുകൂല്യത്തിന് മുൻകാല പ്രാബല്യം ലഭിക്കുമോ; വ്യക്തമാക്കുമോ; | (എ) | കോവിഡ് 19 വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതമായി വളരെയധികം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് മുന്നിൽ നിന്ന് പ്രവർത്തിച്ച റേഷൻകട ലൈസൻസികൾക്കും സെയിൽസ്മാൻ മാർക്കും (28398 എണ്ണം) കോവിഡ് മൂലം മരണപ്പെടുന്നപക്ഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന (ഒരു വർഷക്കാലത്തേയ്ക്ക് മാത്രം) 7.5 ലക്ഷം രൂപ നഷ്ട പരിഹാര ക്ലെയിം നൽകുന്ന കോവിഡ് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി 12-07-2021 ലെ സ.ഉ.(കൈ)നം.22/2021/ ഭ.പൊ.വി.വ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം അർഹരായ FPS ഡീലർമാരുടെയും സെയിൽസ്മാൻമാരുടെയും വിശദാംശങ്ങൾ ലഭ്യമാക്കി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന പദ്ധതി നടപ്പിൽ വരുത്താനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത ആനുകൂല്യത്തിന് മുൻകാല പ്രാബല്യം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |
| (ബി) | റേഷൻ കടകളിൽ ബ്ലൂടൂത്ത് ത്രാസ്സുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇത് എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | റേഷൻ കടകളിൽ ബ്ലൂടൂത്ത് ത്രാസ്സുകൾ സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ ഇ-പോസ് മെഷീനുമായി ഇലക്ട്രോണിക് ത്രാസ് ബന്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ഇ-ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ